(3)

# എറണാകുളം ജില്ലാ കളക്ടറുടെ നടപടിക്രമം.

(ഹാജർ: ശ്രീ. കെ മൊഹമ്മദ് . വൈ.സഫിറുള്ള ഐ.എ.എസ്)

സി 12-528/2016 തീയതി 10.04.2018.

വിഷയം - കൊച്ചി മെട്രോ റെയിൽ പ്രൊജക്റ്റ്- പേട്ട - ചമ്പക്കര പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് വേണ്ടിയുള്ള അധിക സ്ഥലമെടുപ്പ് - വിദഗ്ദ്ധ സമിതി റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന - വിദഗ്ദ്ധ സമിതിയുടെ 05-04.2018 ലെ ശുപാർശ.

കൊച്ചി മെട്രോയുടെ ഭാഗമായി ചമ്പക്കര പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് വേണ്ടിയുള്ള അധിക സ്ഥലമെടുപ്പിന് മുന്നോടിയായുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം സംബന്ധിച്ച് ചുമതലപ്പെടുത്തിയിരുന്ന SIA യൂണിറ്റായ രാജഗിരി ഔട്ട് റീച്ച് സമർപ്പിച്ച ഫൈനൽ റിപ്പോർട്ടിന്മേൽ ജില്ലാതല വിദഗ്ദ്ധ സമിതി 05.04.2018 ന് ചേരുകയും വിദഗ്ദ്ധ സമിതി ഏകകണ്ഠമായി ടി പദ്ധതി കൊച്ചി നഗരത്തിലേയും ചുറ്റുമുള്ള സ്ഥലങ്ങളിലേയും ഗതാഗത കുരുക്കിനെ ഗണ്യമായി കുറയ്ക്കാൻ സാധിക്കുന്നതിനാൽ RTFCT LARR Act 23 7-). വകുപ്പ് 5-). ഉപവകുപ്പ് (1) ൽ നിഷ്കർഷിക്കും വിധം കൊച്ചി മെട്രോ പദ്ധതി ഒരു പൊതു ആവശ്യത്തിന് ഉതകുന്നതാണെന്നും ആയതിനാൽ ഈ പദ്ധതിയുമായി മുന്നോട്ട് പോകുന്നതിനാവശ്യമായ അംഗീകാരത്തിനായി ജില്ലാ കളക്ടർക്ക് സൂചന പ്രകാരം വിദഗ്ദ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചതിൽ, പ്രോജക്റ്റിന് ആവശ്യമായ വിസ്തീർണം മാത്രമേ ഏറ്റെടുക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതെന്നും പദ്ധതിയുടെ നേട്ടങ്ങൾ കോട്ടങ്ങളെക്കാൾ വലുതാണെന്നുള്ള വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് പൂർണ്ണമായി അംഗീകരിച്ചുകൊണ്ട് പ്രസ്തുത പദ്ധതിയുമായി മുന്നോട്ട് പോകുന്നതിന് അംഗീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

**ജില്ലാ കളക്ടർ**

ഉത്തരവിൻ പ്രകാരം

ഡെപ്യൂട്ടികളക്ടർ (എൽ.എ)

കൊച്ചി മെട്രോ റയിൽ പ്രൊജക്റ്റ് , കാക്കനാട്.

പകർപ്പ് : സ്പെഷ്യൽ തഹസിൽദാർ (എൽ.എ).

എൻ.എച്ച് നമ്പർ-3.

വൈറ്റില.